"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - തൃശ്ശൂർ തിരുവളയന്നൂർ എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (ഇംഗ്ലീഷ്) ശ്രീമതി ജിനി സി ഗീവർ, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (മലയാളം) ശ്രീമതി രേണുക ജ്യോതി.കെ.എസ് എന്നിവർ ഫയൽ ചെയ്ത **30815/2024** നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി **17.02.2025**-ന് പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എച്ച്) വകുപ്പ്

സ.ഉ.(കൈ) നം.**52/2026/GEDN** തീയതി,തിരുവനന്തപുരം, **05-03-2026**

---

പരാമർശം:-
1. സ.ഉ.(സാധാ) നം.**3888/2024**/പൊവിവ തീയതി, **19-06-2024.**
2. **30815/2024** നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി **17.02.2025**-ന് പുറപ്പെടുവിച്ച വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **25.05.2023**-ലെ എസിഡി.സി3/**283324/2023**/ഡി.ജിഇ/എച്ച് എസ്.ഇ നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ തിരുവളയന്നൂർ എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (ഇംഗ്ലീഷ്) ശ്രീമതി ജിനി സി ഗീവർ, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (മലയാളം) ശ്രീമതി രേണുക ജ്യോതി.കെ.എസ് എന്നിവർ ഫയൽ ചെയ്ത **30815/2024** റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി പരാമർശം **(2)** പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാമർശം **(1)** സർക്കാർ ഉത്തരവ് റദ്ദാക്കുകയും ടി വിഷയം **State of Kerala and others v. K.V. Sreejith and others [2019 (2) KLT 253]** എന്ന കേസിലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ പുനഃപരിശോധിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു.

**2.** തൃശ്ശൂർ തിരുവളയന്നൂർ എച്ച്.എസ്.എസ്-ൽ വിദ്യാർത്ഥികളുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ രണ്ടാം ഭാഷ ഹിന്ദി പഠിപ്പിക്കുന്നതിന് ആഴ്ചയിൽ **12** പിരീഡ് വർക്ക് ലോഡ് ഉള്ളതിനാൽ എച്ച്.എസ്.എസ്.റ്റി

(ജൂനിയർ) ഹിന്ദിയുടെ ഒരു പോസ്റ്റ് അനുവദിക്കണമെന്നും ആഴ്ചയിൽ 15ന് മുകളിലുള്ള അധ്യാപന പിരീഡുകളുടെ എണ്ണം കണക്കിലെടുത്ത് എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇംഗ്ലീഷ്, മലയാളം തസ്തികകൾ എച്ച്.എച്ച്.എസ്.എസ്.റ്റി ആയി അപ്ഗ്രേഡ് ചെയ്യണമെന്നുമുള്ള ആവശ്യം സ്റ്റാഫ് ഫിക്സേഷൻ ഉത്തരവിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിഗണനാർഹമാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ തിരുവളയന്നൂർ എച്ച്.എസ്.എസ്-ൽ വിദ്യാർത്ഥികളുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ രണ്ടാം ഭാഷ ഹിന്ദി പഠിപ്പിക്കുന്നതിന് ആഴ്ചയിൽ 12 പിരീഡ് വർക്ക് ലോഡ് ഉണ്ടെന്നും ഇംഗ്ലീഷ്, മലയാളം വിഷയങ്ങൾക്ക് ആഴ്ചയിൽ 15ന് മുകളിലുള്ള അധ്യാപന പിരീഡുകൾ ഉണ്ടെന്നുമുള്ള പൊ.വി.ഡ-റുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഉത്തരവ് തീയതി മുതൽ പ്രാബല്യം നൽകി, തൃശ്ശൂർ തിരുവളയന്നൂർ എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇംഗ്ലീഷ്, മലയാളം എന്നീ തസ്തികകൾ എച്ച്.എസ്.എസ്.റ്റി തസ്തികകളായി ഉയർത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിയും എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഹിന്ദി തസ്തിക സൃഷ്ടിച്ചും ഉത്തരവാകുന്നു.

4. ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായത്തിലെ നിർദ്ദേശങ്ങൾ ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം,
തിരുവനന്തപുരം.
മേഖലാ ഉപമേധാവി, ഹയർസെക്കന്ററി വിദ്യാഭ്യാസം, എറണാകുളം.
ശ്രീമതി ജിനി സി ഗീവർ, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (ഇംഗ്ലീഷ്),
എച്ച്.എസ്.എസ് തിരുവളയന്നൂർ, വടക്കേക്കാട്, തൃശ്ശൂർ - 679562.
ശ്രീമതി രേണുക ജ്യോതി.കെ.എസ്., എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (മലയാളം),
എച്ച്.എസ്.എസ് തിരുവളയന്നൂർ, വടക്കേക്കാട്, തൃശ്ശൂർ - 679562.
മാനേജർ, എച്ച്.എസ്.എസ് തിരുവളയന്നൂർ, വടക്കേക്കാട്, തൃശ്ശൂർ - 679562.
പൊതുഭരണ (എസ് സി) വകുപ്പ് (ഇനം നം.3760 തീയതി 28.02.2026)
ധനകാര്യ വകുപ്പ് (28.01.2026-ലെ EDN-B1/258/2023-FIN E:2458546 നമ്പർ യു.ഒ റിമാർക്സ് പ്രകാരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Gireesh Parambath
Date: 05-03-2026 12:41:06

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 28-02-2026**

ഫയൽ നം. എച്ച്3/349/2024/പൊ.വി.വ. ഇനം നം: 3760

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - തൃശ്ശൂർ തിരുവളയന്നൂർ എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഹിന്ദി തസ്തിക അനുവദിക്കുന്നതും, എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഇംഗ്ലീഷ്, മലയാളം എന്നീ തസ്തികകൾ എച്ച്.എസ്.എസ്.റ്റി. തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നതിന് അനുമതി നൽകുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

3760

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എച്ച്3/349/2024/പൊ.വി.വ |
| 2 | വകുപ്പ് | : | പൊതു വിദ്യാഭ്യാസ (എച്ച്) വകുപ്പ് |
| 3 | വിഷയം | : | തൃശ്ശൂർ തിരുവളയന്നൂർ എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഹിന്ദി തസ്തിക അനുവദിക്കുന്നതും എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇംഗ്ലീഷ്, മലയാളം എന്നീ തസ്തികകൾ എച്ച്.എസ്.എസ്.റ്റി തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നതിന് അനുമതി നൽകുന്നതും - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 19.02.2026 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ആണ് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം | : | ഉണ്ട് |
| | മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ബിന്ദു.ആർ.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. വാസുകി.കെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.02.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി.ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 24.02.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 24.02.2026 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തൃശ്ശൂർ തിരുവളയന്നൂർ എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഹിന്ദി തസ്തിക അനുവദിക്കുന്നതും എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇംഗ്ലീഷ്, മലയാളം എന്നീ തസ്തികകൾ എച്ച്.എസ്.എസ്.റ്റി തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നതിന് അനുമതി നൽകുന്നതും സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. തൃശ്ശൂർ തിരുവളയന്നൂർ എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (ഇംഗ്ലീഷ്) ശ്രീമതി ജിനി സി ഗീവർ, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (മലയാളം) ശ്രീമതി രേണുക ജ്യോതി.കെ.എസ് എന്നിവർ ഫയൽ ചെയ്ത 30815/2024 നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി 17.02.2025-ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ Ext. P5 സർക്കാർ ഉത്തരവ് റദ്ദാക്കുകയും ടി വിഷയം State of Kerala and others v. K.V. Sreejith and others [2019 (2) KLT 253] എന്ന കേസിലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ പുനഃപരിശോധിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

3. തൃശ്ശൂർ തിരുവളയന്നൂർ എച്ച്.എസ്.എസ്-ൽ വിദ്യാർത്ഥികളുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ രണ്ടാം ഭാഷ ഹിന്ദി പഠിപ്പിക്കുന്നതിന് ആഴ്ചയിൽ 12 പിരീഡ് വർക്ക് ലോഡ് ഉള്ളതിനാൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഹിന്ദിയുടെ ഒരു പോസ്റ്റ് അനുവദിക്കണമെന്നും ആഴ്ചയിൽ 15 ന്

മുകളിലുള്ള അധ്യാപന പിരീഡുകളുടെ എണ്ണം കണക്കിലെടുത്ത് എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇംഗ്ലീഷ്, മലയാളം തസ്തികകൾ എച്ച്.എച്ച്.എസ്.എസ്.റ്റി ആയി അപ്ഗ്രേഡ് ചെയ്യണമെന്നുമുള്ള ആവശ്യം സ്റ്റാഫ് ഫിക്സേഷൻ ഉത്തരവിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിഗണനാർഹമാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. തൃശ്ശൂർ തിരുവളയന്നൂർ എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഹിന്ദി തസ്തിക അനുവദിക്കുന്നതും എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇംഗ്ലീഷ്, മലയാളം എന്നീ തസ്തികകൾ എച്ച്.എസ്.എസ്.റ്റി തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നതിന് അനുമതി നൽകുന്നതും സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെപ്പറയും പ്രകാരമാണ്.

"തൃശ്ശൂർ വടക്കേക്കാട് തിരുവളയന്നൂർ ഹയർസെക്കന്ററി സ്കൂളിൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഹിന്ദി തസ്തിക സൃഷ്ടിക്കുന്നതിനും എച്ച്.എസ്.എസ്.റ്റി ജൂനിയർ മലയാളം, ഇംഗ്ലീഷ് തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും ഭരണവകുപ്പിനു അനുമതി നൽകുന്നു."

5. തൃശ്ശൂർ തിരുവളയന്നൂർ എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഹിന്ദി തസ്തിക അനുവദിക്കുന്നതും എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇംഗ്ലീഷ്, മലയാളം എന്നീ തസ്തികകൾ എച്ച്.എസ്.എസ്.റ്റി

തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നതിന് അനുമതി നൽകുന്ന വിഷയം മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയങ്ങൾ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ഉത്തരവ് തീയതി മുതൽ പ്രാബല്യം നൽകി

1. തൃശ്ശൂർ തിരുവളയന്നൂർ എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇംഗ്ലീഷ്, മലയാളം എന്നീ തസ്തികകൾ എച്ച്.എസ്.എസ്.റ്റി തസ്തികകളായി ഉയർത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകാമോ.

2. തൃശ്ശൂർ തിരുവളയന്നൂർ എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഹിന്ദി തസ്തിക സൃഷ്ടിക്കാമോ?